"ഭരണഭാഷ - മാതൃഭാഷ"

നം. ജി 1/43815/16/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 19.10.2017
ഫോൺ: 0471-2303107

## ലേല / ക്വട്ടേഷൻ നോട്ടീസ്

കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്നതും ഉപയോഗ ശൂന്യവുമായ ചുവടെപ്പറയുന്ന ഫർണിച്ചറുകളും മറ്റുപാഴ് വസ്തുക്കളും 31.10.2017 തീയതി 3 PM മണിയ്ക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം / ക്വട്ടേഷൻ വഴി വിൽപന നടത്തുന്നതാണ്.

| | |
|---|---|
| സ്റ്റീൽ അലമാര | 19 |
| സ്റ്റീൽ മേശകൾ | 6 |
| സ്റ്റീൽ ട്രാക്കുകൾ | 6(3 വലുത്, 3 ചെറുത്) |
| തടി മേശ | 1 |
| തടി കസേര | 1 |
| പ്ലാസ്റ്റിക് വരിയുന്ന തടി കസേര | 3 |
| പ്ലാസ്റ്റിക് വരിയുന്ന സ്റ്റീൽ കസേര | 1 |
| നിരതദ്രവ്യം- 650/- | |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹമുള്ളവർക്ക് ഓഫീസ് പ്രവർത്തി ദിനത്തിൽ വൈകുന്നേരം 3 മണി മുതൽ 5 മണിവരെ ഫർണിച്ചറുകൾ പരിശോധിക്കാൻ അവസരമുണ്ടായിരിക്കും, ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം ഒരു മണിക്കൂർ മുന്പ് ഹാജരായി ഫർണിച്ചറുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടക്കേണ്ടതുമാണ്. ക്വട്ടേഷൻ വിളിക്കാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ക്വട്ടേഷനുകൾ ഡയറക്ടർ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ എന്ന വിലാസത്തിൽ 31.10.2017 തീയതി 3 PM മണിയ്ക്ക് മുൻമ്പായി ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ലേലം വിളി കഴിഞ്ഞാൽ ഉടൻ ക്വട്ടേഷനുകൾ തുറക്കുകയും ലേലത്തിലോ ക്വട്ടേഷനുകളിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ വ്യക്തിയ്ക്ക് ലേലം / ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം / ക്വട്ടേഷൻ തുകയുടെ നാലിലൊന്ന് ഭാഗം (നിരത ദ്രവ്യം ഉൾപ്പടെ) ലേല സ്ഥലത്ത് വച്ച് അടക്കേണ്ടതും ബാക്കി തുക മൂന്ന് ദിവസത്തിനകം അടച്ച് ഫർണിച്ചറുകൾ നീക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം

27754

3 PM മണിയ്ക്ക് ലേല നടപടികൾ സ്വീകരിക്കുന്നതാണ്. ലേലത്തിലെ ഒന്ന് മുതൽ 3 വരെ സ്ഥാനക്കാർക്ക് നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണം കാണിക്കാതെ ലേലം / ക്വട്ടേഷൻ റദ്ദു ചെയ്യുന്നതിനു സ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും

ഒപ്പ്/-
*ഡോ. പി. അനിത ദമയന്തി*
അഡീഷണൽ ഡയറക്ടർ(ഇൻ ചാർജ്ജ്)

പകർപ്പ്:-

1. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ്
2. നോട്ടീസ് ബോർഡ്
3. നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*ഡി.ജി.19.10.2017*

527754